# മുത്തഹിദ് ബാങ്കിന് അതിശയിപ്പിക്കുന്ന നേട്ടം

**കുവൈത്ത്** കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പരമ്പരാഗത ബാങ്കുകളിലൊന്നാണ് മുത്തഹിദ് ബാങ്ക്. കഴിഞ്ഞ വർഷം വരെ പലിശാധിഷ്ഠിത വ്യവഹാരങ്ങളാണ് അവിടെ നടന്നു വന്നിരുന്നത്. 2010 ഏപ്രിലിൽ വ്യവഹാരങ്ങൾ ഇസ്‌ലാമിക ശരീഅത്തിന് അനുസൃതമായി പുനഃസംവിധാനിച്ചു. ഇസ്‌ലാമിക ബാങ്കായി മാറിയ ഈ സ്ഥാപനം കേവലം ഒരു വർഷം കൊണ്ട് അതിശയിപ്പിക്കുന്ന വളർച്ചയാണ് കൈവരിച്ചതെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി. 2010 അവസാനത്തിൽ ബാങ്കിന്റെ ലാഭം 27.4 മില്യൻ കുവൈത്തി ദിനാറായിരുന്നു. മുൻ വർഷത്തേക്കാൾ 92.4 ശതമാനം വളർച്ച! മുമ്പ് ഈ തുക ലാഭമായി ലഭിക്കണമെങ്കിൽ രണ്ടോ മൂന്നോ വർഷം വേണ്ടിവരുമായിരുന്നെന്ന് ബാങ്ക് അധികൃതർ പറഞ്ഞു.




# ഇതോ ഇസ്രയേലിലെ ജനാധിപത്യം?



ദക്ഷിണാഫ്രിക്കയിലുണ്ടായിരുന്ന വർണവെറിയൻ ഭരണകൂടത്തെ പോലും പിന്നിലാക്കുന്ന തരത്തിലാണ് ഇസ്രയേൽ പാർലമെന്റ് ഈയിടെ പാസ്സാക്കിയ മൂന്ന് നിയമങ്ങൾ. പാർലമെന്റിലെ അറബ് പ്രതിനിധികൾ ഇതിനെതിരെ ശക്തമായി പ്രതിഷേധിച്ചു. ഇസ്രയേലിലെ അറബ് ന്യൂനപക്ഷത്തെ നാടുവിടാൻ നിർബന്ധിക്കുന്നതാണ് ഈ നിയമങ്ങളെന്ന് അവർ ആരോപിച്ചു.

1948-ലെ ഫലസ്ത്വീൻ ദുരന്ത(നുക്ബ) സ്മൃതികൾ ഉണർത്തുന്ന പ്രവൃത്തികൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിനും പണം നൽകി സഹായിക്കാൻ പാടില്ല. ഇതാണ് ഒന്നാമത്തെ നിയമം. പണം കൊടുത്തെന്ന് തെളിഞ്ഞാൽ അതിന്റെ മൂന്നിരട്ടി പിഴ ഒടുക്കേണ്ടിവരും. 500-ൽ കുറഞ്ഞ അംഗസംഖ്യയുള്ള ജൂതവാസ സ്ഥലങ്ങളിൽ അറബികൾക്ക് വീട് വെക്കാൻ അനുവാദം നൽകില്ലെന്നതാണ് രണ്ടാമത്തെ നിയമം. അതായത് ഇസ്രയേലിലെ 70 ശതമാനം പ്രദേശങ്ങളിലും ഇനി മുതൽ അറബികൾക്ക് താമസിക്കാനേ പറ്റില്ല. ഒരു അറബ് വംശജന്റെ വീട് പൊളിക്കാൻ ഗവൺമെന്റ് തീരുമാനിച്ചാൽ പൊളിക്കുന്നതിനുള്ള 'ജെ.സി.ബി' കൂലിയും പണിക്കാർക്കുള്ള ഭക്ഷണവും അവരുടെ മൊബൈൽ ടോയ്‌ലറ്റിന് വരുന്ന ചെലവ് വരെ വീട് നഷ്ടപ്പെടുന്ന ഈ ദരിദ്രവാസി നൽകിയിരിക്കണം! ഇതാണ് മൂന്നാമത്തെ നിയമം.

## ഫേസ്ബുക്കും അഭിപ്രായം തുറന്നു പറയാനുള്ളതല്ല

**ഫേസ്ബുക്കിൽ** 'മൂന്നാം ഫലസ്ത്വീൻ ഇൻതിഫാദ' എന്ന പേജ് കൈകാര്യം ചെയ്യുന്നവർക്ക് ഈയിടെ ഫേസ്ബുക്ക് അധികൃതരിൽ നിന്ന് ഒരു സന്ദേശം. പേജ് എത്രയും വേഗം അടച്ചുപൂട്ടണം. അതിന് കാരണമൊന്നും കാണിച്ചിരുന്നില്ല. വരുന്ന മെയ് 15-ന് സയണിസ്റ്റ് അധിനിവേശത്തിനെതിരെ സംഘം ചേരാൻ ഇതിലൂടെ ആഹ്വാനമുയർന്നതാവാം കാരണം. മൂന്ന് ലക്ഷത്തിലധികം സഹകാരികളുള്ള ഈ പേജിൽ അത്രയൊന്നും സന്ദർശകരില്ലെന്ന് വരുത്തിത്തീർക്കാൻ ഫേസ്ബുക്ക് അധികൃതർ ശ്രമിക്കുന്നതായും പരാതിയുണ്ട്.



അബൂ സ്വാലിഹ

## ഇഖ്‌വാൻ കാര്യദർശിയുടെ വീട് ആക്രമിച്ച് രേഖകൾ നശിപ്പിച്ചു

**ഈജിപ്തിലെ** ഇഖ്‌വാനുൽ മുസ്‌ലിമൂൻ മുഖ്യ കാര്യദർശി ഡോ. മുഹമ്മദ് ബദീഇന്റെ വീട്ടിൽ അതിക്രമിച്ച് കയറി അജ്ഞാത അക്രമി സംഘം വിലപ്പെട്ട നിരവധി രേഖകൾ നശിപ്പിച്ചു. അപ്പർ ഈജിപ്തിലെ ബനൂസുവൈഫ് നഗരത്തിലാണ് അദ്ദേഹത്തിന്റെ വീട്. ഏതാനും ദിവസം അദ്ദേഹം താമസ സ്ഥലത്ത് ഇല്ലായിരുന്നു. ഈ അവസരം മുതലെടുത്താണ് അക്രമികൾ വീട്ടിൽ കയറിയത്. പുതിയ രാഷ്ട്രീയ പാർട്ടിയായ 'ഫ്രീഡം ആന്റ് ജസ്റ്റിസ്', ഇഖ്‌വാന്റെ കേന്ദ്ര നിർവഹണ സമിതിയായ മക്തബുൽ ഇർശാദ്, ഇഖ്‌വാന്റെ ചരിത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട രേഖകളെല്ലാം നശിപ്പിക്കപ്പെട്ടു. രഹസ്യപ്പോലീസുകാരാണ് ഇതിന് പിന്നിലെന്ന് ഡോ. ബദീഅ് ആരോപിച്ചു. അന്വേഷണം നടന്നുവരുന്നുണ്ട്.



## വിദ്യാലയങ്ങളിൽ കുരിശ് തൂക്കാം

**ഗവൺമെന്റ്** വിദ്യാലയങ്ങളിലെ ക്ലാസ്സുകളിൽ കുരിശ് ചിഹ്നം തൂക്കുന്നതിൽ തെറ്റില്ലെന്ന് യൂറോപ്യൻ മനുഷ്യാവകാശ കോടതി. മറ്റു മതക്കാർക്കും നിരീശ്വരവാദികൾക്കും പ്രയാസമുണ്ടാക്കുമെന്നതിനാൽ കുരിശ് വെക്കാൻ പാടില്ലെന്ന് ഇതേ കോടതി 2009-ൽ വിധിച്ചിരുന്നു. ആ വിധിയെ ഇറ്റലിയും മറ്റു യൂറോപ്യൻ രാഷ്ട്രങ്ങളും എതിർത്തതിനെ തുടർന്നാണ് പുതിയ വിധി. കുരിശ് തൂക്കുന്നത് 'നിഷേധാത്മക സ്വാധീന'മൊന്നും ഉണ്ടാക്കുന്നില്ലെന്നും കോടതി വിലയിരുത്തി.



"മുസ്‌ലിം നാടുകളിൽ ചന്ദ്രക്കല പോലെ പാശ്ചാത്യ ലോകത്തെ ഏറ്റവും വലിയ ചിഹ്നമാണ് കുരിശ്. അതിനെ നിഷേധിക്കുന്നത് പാശ്ചാത്യ സ്വത്വത്തെ നിഷേധിക്കുന്നതിന് തുല്യമാണ്. ഇതിനെ ഒരു മതചിഹ്നമായി എടുക്കാൻ പ്രയാസമുണ്ടെങ്കിൽ, പാശ്ചാത്യ നാഗരികതയുടെ ചിഹ്നമായി എടുത്തുകൂടേ?" വത്തിക്കാന്റെ ഒരു മുതിർന്ന വക്താവ് പറഞ്ഞു.

## ഹിജാബ് നിരോധിക്കാൻ അവകാശമുണ്ടെന്ന് ബെൽജിയം കോടതി



**ഹിജാബ്** ധരിച്ചെത്തുന്ന മുസ്‌ലിം സ്ത്രീകളെ തടയാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധികൃതർക്ക് അവകാശമുണ്ടെന്ന് ബെൽജിയത്തിലെ ഭരണഘടനാ കോടതി. ഹിജാബ് ധരിച്ച ഏതാനും അധ്യാപികമാരെ വിദ്യാലയങ്ങളിൽ കടക്കുന്നത് തടഞ്ഞ അധികൃതരുടെ നടപടിയെക്കുറിച്ചാണ് ഈ വിധി. അടുത്ത സെപ്റ്റംബറോടെ ഹിജാബ് നിരോധിച്ചുകൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വരുമെന്നാണ് റിപ്പോർട്ട്.

## യൂറോ ഭീകരരിൽ 99.6 ശതമാനവും മുസ്‌ലിംകളല്ലാത്തവർ

**യൂറോപ്യൻ** പോലീസ് (യൂറോ പോൾ), യൂറോപ്യൻ യൂനിയൻ രാജ്യങ്ങളിൽ നടന്ന ഭീകര പ്രവർത്തനങ്ങളെക്കുറിച്ച് പുറത്ത് വിട്ട ഏറ്റവും പുതിയ റിപ്പോർട്ട് ഭീകരതയെക്കുറിച്ച എല്ലാ കള്ളക്കഥകളെയും കാറ്റിൽ പറത്തുന്നു. ഭീകരത ഇസ്‌ലാമിന്റെ സൃഷ്ടിയാണെന്നും മുഴുവൻ മുസ്‌ലിംകളും ഭീകരരാണെന്നുമുള്ള മിത്താണ് ഇവിടെ തകർന്നു വീഴുന്നത്. യൂറോപ്യൻ യൂനിയനിൽ ഭീകര പ്രവർത്തനം നടത്തിയവരിൽ 99.6 ശതമാനവും ഇടതുപക്ഷ സംഘടനകളോ തീവ്ര വിഘടിത ഗ്രൂപ്പുകളോ ആണെന്നാണ് റിപ്പോർട്ട് പറയുന്നത്. 2009-ൽ ആറ് യൂറോപ്യൻ യൂനിയൻ രാജ്യങ്ങളിൽ 294 ഭീകര ഓപറേഷനുകളുണ്ടായി. ഇതേ വർഷം ഭീകര പ്രവർത്തനത്തിന്റെ പേരിൽ 13 യൂറോപ്യൻ നാടുകളിൽ നിന്നായി 587 പേരെ അറസ്റ്റ് ചെയ്തു. സ്പെയിനിലെ ബാസ്ക് തീവ്രവാദികളും മറ്റുമാണ് ഇവരിലധികവും.

ഇസ്‌ലാമിക തീവ്രവാദം യൂറോപ്യൻ സംസ്കാരത്തെ തന്നെ അട്ടിമറിക്കുമെന്ന പ്രചാരണം വലതുപക്ഷ തീവ്രവാദികൾ മനഃപൂർവം നടത്തുന്നതാണെന്നും അത് സംഭവയാഥാർഥ്യത്തെ പ്രതിഫലിപ്പിക്കുന്നില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.